## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 622 — 10.06.2014-ൽ മറുപടിയ്ക്ക്

## ഹാംലെറ്റ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഹാംലെറ്റ് പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കുരുമ്പൻമൂഴി, മണക്കയം കോളനികളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുള്ളത്; | എ) | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, ജീവനോപാധികൾ വിതരണം, വൈദ്യുതീകരണം, കൃഷി, കക്കൂസ് നിർമ്മാണം, റബർ റോളർ വിതരണം, റോഡ് നിർമ്മാണം, മണക്കയം കമ്മ്യൂണിറ്റി ഹാൾ നവീകരണം, അംഗനവാടിക്ക് കിച്ചൺ നിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| ബി) | ഇവിടത്തെ പദ്ധതി നിർവ്വഹണം ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; | ബി) | കുരുമ്പൻമൂഴി, മണക്കയം എന്നീ ഹാംലറ്റുകളിൽ ബഹു.അംഗം നിർദ്ദേശിച്ച പ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേനയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. |

| | | | |
|---|---|---|---|
| സി) | ഏതൊക്കെ പ്രവൃത്തികളാണ് ഇവിടെ ആരംഭിച്ചിട്ടുള്ളത്; | സി) | നിലവിൽ റോഡ് നിർമ്മാണം, കൃഷി, ജീവനോപാധി എന്നീ പദ്ധതികളുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. |
| ഡി) | ഓരോന്നിന്റെയും പുരോഗതി വിശദമാക്കാമോ? | ഡി) | റോഡ് നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. കൃഷി, ജീവനോപാധികൾ എന്നിവ ബന്ധപ്പെട്ട വകുപ്പ് മുഖേന നടപ്പാക്കുന്നതിന് നടപടി ആരംഭിച്ചു. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്ക് ടെന്റർ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ